

# സമ്പൂർണ്ണകൃതികൾ: ഭാഗം IV

കെ. ദാമോദരൻ



## 22. ഭക്തിപ്രസ്ഥാനം

# സമ്പൂർണ്ണകൃതികൾ: ഭാഗം IV

**കെ. ദാമോദരൻ**

(മലയാളം: രാഷ്ട്രീയം, ചരിത്രം)


കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്



© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.



Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.



The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.



The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


22 ഭക്തിപ്രസ്ഥാനം . . . . . . . . . . . . . . . . . . . . . . . 1

1 ബ്രാഹ്മണമേധാവിത്വവും സംസ്കൃതമേധാവിത്വവും . . . . . . . . 3

2 ഭക്തിപ്രസ്ഥാനം ഇന്ത്യയിലെ റിഫോർമേഷൻ . . . . . . . . . . . 4

3 ഭക്തിപ്രസ്ഥാനത്തിന്റെ നേതാക്കൻമാർ 5

4 മതത്തിന്റെ പിന്നിൽ വർഗ്ഗസമരം . . 6

5 ഭക്തിപ്രസ്ഥാനത്തിന്റെ അടിസ്ഥാനതത്വങ്ങൾ . . . . . . . . 7

6 സാഹിത്യത്തിന്റെ സാമൂഹ്യപ്രാധാന്യം 8

7 ഫ്യൂഡൽ തകർച്ചയുടെ ആത്മീയ പ്രതിഫലനം . . . . . . . . . . . . 9

8 സായുധലഹളകൾക്ക് പ്രചോദനം നൽകിയ ആത്മീയ പ്രസ്ഥാനം . . . 10

9 ഇന്ത്യാ ചരിത്രത്തിലെ ഒരു സവിശേഷ പ്രസ്ഥാനം . . . . . . . . . . . . . 11

# 22

# ഭക്തിപ്രസ്ഥാനം

ഏകീകൃതവും തികച്ചും കേന്ദ്രീകൃതവുമായ ഒരു ഭരണവ്യവസ്ഥയല്ല ഇന്ത്യയിലക്കാലത്തുണ്ടായിരുന്നത്. മുഗൾ ഭരണം വളരെ വിസ്തൃതമായ ഒരു സാമ്രാജ്യമായിരുന്നുവെന്നത് നേരാണ്. പ്രത്യേകിച്ചും അക്ബർ, ജഹാംഗീർ, ഷാജഹാൻ മുതലായ ചക്രവർത്തിമാരുടെ കീഴിൽ അത് ഏറെക്കുറെ കേന്ദ്രീകൃതമാവുകയും ചെയ്തു. പക്ഷേ, അപ്പോഴും സാമ്രാജ്യത്തിനുള്ളിൽ തന്നെ പലയിടത്തും ഒരുതരം സ്വയംഭരണം നിലനിന്നുപോന്നിരുന്നു. മുഗൾ ഭരണത്തിന് മുമ്പ് സ്വതന്ത്രങ്ങളായിരുന്ന ചെറിയ ചെറിയ രാജ്യങ്ങളിൽ ഹിന്ദുക്കളും മുസ്ലിങ്ങളുമായ നാടുവാഴിപ്രഭുക്കളാണ് അപ്പോഴും മേധാവിത്വം നിലനിർത്തിപ്പോന്നിരുന്നത്. അവർ കൂടെക്കൂടെ സാമ്രാജ്യത്തിനെതിരായി ലഹളകളും യുദ്ധങ്ങളും നടത്തിക്കൊണ്ടിരുന്നു. രാഷ്ട്രീയമായ കേന്ദ്രീകരണത്തിന്റെയും പൊതുദേശീയ ഭാഷകളുടെയും അഭാവം, വ്യാപാരത്തിന്റെയും മുതലാളിത്തരീതിയിലുള്ള ചരക്ക് നിർമ്മാണവ്യവസ്ഥയുടെയും വളർച്ചയ്ക്ക് തടസമായിത്തീർന്നു.

ഹിന്ദി, ബംഗാളി, മറാത്തി, കർണ്ണാടകം, തെലുങ്ക്, മലയാളം മുതലായ നാട്ടുഭാഷകൾ അതിനുമുമ്പുതന്നെ ആവിർഭവിച്ചുകഴിഞ്ഞിരുന്നു. പക്ഷേ, അവ പൊതുപ്രദേശങ്ങളിൽ ഏകീകരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ പൊതുവിലുള്ള ദേശീയഭാഷകളായി വളർന്നുകഴിഞ്ഞിരുന്നില്ല. അവയിൽ മിക്കവയും പ്രാദേശികങ്ങളായ ഗ്രാമ്യഭാഷകളായിരുന്നു. ദേശീയഭാഷകളായിരുന്നില്ല. മിക്ക നാട്ടുഭാഷകളും വാമൊഴികളായിരുന്നു. വരമൊഴികളായിരുന്നില്ല. പതിനഞ്ചാം നൂറ്റാണ്ടുവരെയും ഈ നാട്ടുഭാഷകൾ സാഹിത്യഭാഷകളായി വളർന്നുകഴിഞ്ഞിരുന്നില്ല.

# 1 ബ്രാഹ്മണമേധാവിത്വവും സംസ്കൃതമേധാവിത്വവും

സംസ്കൃതമായിരുന്നു ഹിന്ദുമേധാവി വർഗ്ഗങ്ങളുടെ സാഹിത്യഭാഷ. ശാസ്ത്രം, മതം, നിയമം മുതലായവയെക്കുറിച്ചുള്ള കൃതികളെല്ലാം സംസ്കൃതത്തിലായിരുന്നു. മദ്ധ്യകാലത്ത് യൂറോപ്പിൽ ലാറ്റിൻഭാഷയ്ക്കുണ്ടായിരുന്ന സ്ഥാനമാണ് ഇന്ത്യയിൽ സംസ്കൃതത്തിനുണ്ടായിരുന്നത്. പള്ളിമേധാവികളായ പുരോഹിതൻമാരുടെ ഭാഷയായിരുന്നു ലാറ്റിൻ. ഭൗതികജീവിതത്തിൽ വളരെകുറച്ചുപേർക്കുമാത്രമേ അതുമായി ബന്ധമുണ്ടായിരുന്നുള്ളൂ. അതുപോലെ ഇന്ത്യയിൽ സംസ്കൃതം ബ്രാഹ്മണപണ്ഡിതൻമാരുടെയും ഹിന്ദുരാജാക്കൻമാരെ സേവിച്ചുനിന്ന ഉയർന്ന ജാതിക്കാരായ സാഹിത്യകോവിദൻമാരുടെയും ഭാഷയായിരുന്നു.

പക്ഷേ, ശരിക്കുപറഞ്ഞാൽ സംസ്കൃതം വെറുമൊരു പണ്ഡിതഭാഷ മാത്രമായിരുന്നില്ല. വൈദിക മേധാവിത്വത്തേയും അതിന്റെ തണലിൽ ഫ്യൂഡൽ വ്യവസ്ഥയെയും അരക്കിട്ടുറപ്പിക്കാനുള്ള ഒരുപകരണം കൂടിയായിരുന്നു. ബ്രാഹ്മണർ ഭൂദേവൻമാരായിരുന്നു. എന്നുവച്ചാൽ, ഭൂസ്വത്തുക്കളുടെ ഉടമസ്ഥൻമാരായിരുന്നു. അല്ലെങ്കിൽ രാജാക്കൻമാരുടെ സേവകൻമാരും നാടുവാഴികളുടെ ഉപദേശകൻമാരുമായിരുന്നു. അതുകൊണ്ടാണ് നാട്ടുഭാഷകളെ പുച്ഛിച്ചുകൊണ്ട് സംസ്കൃതത്തെ ഉയർത്തിപ്പിടിക്കാനും സംസ്കൃതവ്യുൽപ്പത്തിയെ വിദ്യാഭ്യാസത്തിന്റെ മാനദണ്ഡമാക്കാനും അവർക്ക് സൗകര്യം ലഭിച്ചത്. സംസ്കൃതത്തിന്റെ പിന്നിൽ ബ്രാഹ്മണപുരോഹിതൻ, ബ്രാഹ്മണന്റെ പിന്നിൽ ജാതിവ്യവസ്ഥ, ജാതിവ്യവസ്ഥയുടെ പിന്നിൽ ഭൂരിപക്ഷക്കാരായ ജനങ്ങളെ മർദ്ദിക്കുകയും ചവിട്ടിത്തേയ്ക്കുകയും ചെയ്യുന്ന ഫ്യൂഡൽസ്വത്തുടമ ബന്ധങ്ങൾ — ഇതായിരുന്നുസ്ഥിതി. സാധാരണക്കാരും താണ ജാതിക്കാരുമായ ജനവിഭാഗങ്ങൾക്കിടയിൽ പരന്നുപിടിക്കാൻ തുടങ്ങിയിരുന്ന പുരോഗമനപരമായ ആശയങ്ങൾക്കെതിരായി അദ്വൈതസിദ്ധാന്തങ്ങളെ പൊക്കിപ്പിടിക്കുകയും അവയുടെ സഹായത്തോടുകൂടി ജാതിവ്യവസ്ഥയെയും ഫ്യൂഡൽ ബന്ധങ്ങളെയും ഉറപ്പിക്കുകയും ചെയ്യുക എന്നതാണ് അക്കാലത്ത് സംസ്കൃതം നിർവഹിച്ച പങ്ക്.

മുസ്ലിം നാടുവാഴികളുടെയും മുസ്ലിം ചക്രവർത്തികളുടെയും മേധാവിത്വമാവിർഭവിച്ചതോടുകൂടി മുസ്ലിം പുരോഹിതൻമാർക്കും പേർഷ്യൻഭാഷയ്ക്കും പ്രോത്സാഹനം നൽകപ്പെട്ടു. പക്ഷേ, അപ്പോഴും നാടൻ ഭാഷകൾ അവഗണിക്കപ്പെടുകയും പുച്ഛിക്കപ്പെടുകയുമാണ് ചെയ്തത്. മാത്രമല്ല, ഈ മാറ്റങ്ങളുടെ ഫലമായി ഹിന്ദുമതത്തിലെ ജാതി വിഭജനത്തിനുപുറമെ ഹിന്ദുക്കൾ, മുസ്ലിങ്ങൾ എന്ന മറ്റൊരു വിഭജനവും ഇന്ത്യയിലാവിർഭവിച്ചു.

## 2 ഭക്തിപ്രസ്ഥാനം ഇന്ത്യയിലെ റിഫോർമേഷൻ

ഉൽപ്പാദനശക്തികളുടെ വളർച്ചയെ തടഞ്ഞുനിർത്താൻ ശ്രമിച്ച പുരോഹിതമേധാവിത്വത്തെയും ജാതിവിഭജനത്തേയും എതിർക്കേണ്ടതുണ്ടായിരുന്നു. അനാചാരങ്ങളാലും പ്രാദേശികങ്ങളായ അതിർത്തിവരമ്പുകളാലും ഭിന്നിക്കപ്പെട്ടുകിടന്ന ജനങ്ങളെ ഏകീകരിക്കേണ്ടതുണ്ടായിരുന്നു. ഗ്രാമ്യഭാഷകളേയും പ്രാദേശിക ഭാഷകളേയും പൊതുദേശീയഭാഷകളുടെ നിലവാരത്തിലേക്കുയർത്തേണ്ടതുണ്ടായിരുന്നു. ഹിന്ദുക്കളെന്നോ മുസ്ലിങ്ങളെന്നോ വ്യത്യാസമില്ലാതെ ജനങ്ങളെയാകെ യോജിപ്പിക്കുകയും ഫ്യൂഡൽ ചൂഷണങ്ങളെ ചെറുക്കുകയും ചെയ്യേണ്ടതുണ്ടായിരുന്നു. ഈ ചരിത്രപരമായ ഭൗതിക കടമകൾ നിറവേറ്റാൻ വേണ്ടിയാണ് ഇന്ത്യയിലങ്ങോളമിങ്ങോളം പരന്നുപിടിച്ചതും ഭക്തിപ്രസ്ഥാനം എന്ന പേരിലറിയപ്പെടുന്നതുമായ ജനകീയ പ്രക്ഷോഭങ്ങൾ പൊന്തിവന്നത്.

മാർട്ടിൻ ലൂതറുടെയും തോമസ് മുൻസറുടേയും നേതൃത്വത്തിൽ മധ്യകാലത്തെ യൂറോപ്പിലുണ്ടായ റിഫർമേഷൻ പ്രക്ഷോഭങ്ങളോട് പലനിലയ്ക്കും സാമ്യം വഹിക്കുന്ന ഒരു മതപരിഷ്കരണ പ്രസ്ഥാനമായിരുന്നു ഇന്ത്യയിലെ ഭക്തിപ്രസ്ഥാനം. പ്രധാനമായും വിഷ്ണുവിനോടും വിഷ്ണുവിന്റെ അവതാരങ്ങളായി കരുതപ്പെടുന്ന രാമൻ, കൃഷ്ണൻ എന്നിവരോടുമുള്ള ഭക്തിയായിരുന്നു പ്രസ്ഥാനത്തിന്റെ മതപരമായ കാതൽ. അതുകൊണ്ടാണിത് ഭക്തിപ്രസ്ഥാനമെന്ന പേരിൽ അറിയപ്പെടുന്നത്.

പക്ഷേ, ഇത് കേവലം മതപരമായ ഒരു പരിഷ്കരണപ്രസ്ഥാനം മാത്രമായിരുന്നില്ല. പ്രസ്ഥാനത്തിന്റെ അവിഭാജ്യഘടകങ്ങളായ വിഷ്ണുഭക്തിയും വൈഷ്ണവസിദ്ധാന്തങ്ങളും അന്ന് നിലവിലുണ്ടായിരുന്ന ഭൗതിക സാമൂഹ്യ പരിതഃസ്ഥിതികളുടെ ആത്മീയ പ്രതിഫലനങ്ങളായിരുന്നു. അന്തർമുഖത്വത്തിലും ആത്മീയമായ തത്വചിന്തകളിലും ഇഴുകിപ്പിടിച്ച ഒരു തരം ദൈവവിശ്വാസമായിരുന്നു അതിന്റെ ബാഹ്യരൂപം. പക്ഷേ, അതിന്റെ ഉള്ളടക്കം ഫ്യൂഡൽ മേധാവിത്വത്തിനും ജാതിമേധാവിത്വത്തിനുമെതിരായി ഇന്ത്യയിലെങ്ങും പരന്നുപിടിക്കാൻ തുടങ്ങിയ ദേശീയ നവോത്ഥാനത്തിന്റെ സാംസ്കാരിക പ്രതിഫലനമായിരുന്നു. ഈ പ്രസ്ഥാനമാണ് പുതുതായി രൂപമെടുക്കാൻ തുടങ്ങിയ ദേശീയ ജനവിഭാഗങ്ങളുടെയും ദേശീയഭാഷകളിലെ സാഹിത്യങ്ങളുടേയും വളർച്ചയ്ക്ക് മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്ത ഉത്തേജനം നൽകിയത്; ഈ പ്രസ്ഥാനമാണ് നാടുവാഴിപ്രഭുക്കളുടെ ധിക്കാരങ്ങൾക്കെതിരായി തലയുയർത്തിപ്പിടിക്കുവാൻ കച്ചവടക്കാർക്കും കൈവേലക്കാർക്കും ധൈര്യം നൽകിയത്. വിഷ്ണുവിന്റെ മുന്നിൽ ഉയർന്നവനും താഴ്ന്നവനുമില്ലെന്നും എല്ലാവരും സമൻമാരാണെന്നും ഉദ്ഘോഷിച്ചുകൊണ്ട് പുരോഹിതമേധാവിത്വത്തിനും ജാതിവ്യവസ്ഥയ്ക്കുമെതിരായി ജനങ്ങളെ അണിനിരത്തിയ ഒരു പ്രസ്ഥാനമാണിത്.

## 3 ഭക്തിപ്രസ്ഥാനത്തിന്റെ നേതാക്കൻമാർ

രാമാനുജാചാര്യരുടെയും അദ്ദേഹത്തിന്റെ ശിഷ്യനായ രാമാനന്ദന്റെയും വൈഷ്ണവസിദ്ധാന്തങ്ങളാണ് ഈ പുതിയ മതപരിഷ്കരണ പ്രസ്ഥാനത്തിനു പ്രചോദനം നൽകിയത്. ഫ്യൂഡൽസ്വത്തുടമബന്ധങ്ങൾക്കും ജാതിവ്യവസ്ഥയ്ക്കും ആത്മീയമായ ഒരു ന്യായീകരണം നൽകിയ ശങ്കരാചാര്യരുടെ സിദ്ധാന്തങ്ങൾക്കെതിരായി രാമാനുജാചാര്യർ പ്രപഞ്ചത്തിന്റെ മിഥ്യാത്വത്തെ നിഷേധിക്കുകയും ഭക്തിയുടെ സഹായത്തോടുകൂടി ജീവാത്മാവിന് പരമാത്മാവിനെ പ്രാപിക്കാൻ കഴിയുമെന്ന് വാദിച്ചുകൊണ്ട് പുതിയ പ്രക്ഷോഭങ്ങളുടെ അടിത്തറ പാവുകയും ചെയ്തു. പതിനാലാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ രാമാനുജന്റെ ശിഷ്യനായ രാമാനന്ദൻ ആ അടിത്തറയെ കൂടുതൽ ജനകീയമാക്കി. അദ്ദേഹം ഇന്ത്യയൊട്ടുക്കും ചുറ്റിസഞ്ചരിച്ച് ബ്രാഹ്മണമേധാവിത്വത്തിന്റെ യുക്തിഹീനതയെപ്പറ്റിയും ജാതിവ്യത്യാസങ്ങളുടെ നിരർത്ഥകതയെപ്പറ്റിയും ഭക്തിയുടെ പ്രാധാന്യത്തെപ്പറ്റിയും പ്രസംഗിച്ചുകൊണ്ട് ജനങ്ങളെ ഉൽബുദ്ധരാക്കി. ‘ദൈവത്തെ പൂജിക്കുന്നവൻ ദൈവമാണ്’ എന്നായിരുന്നു അദ്ദേഹത്തിന്റെ മുദ്രാവാക്യം. അദ്ദേഹത്തിനു പന്ത്രണ്ട് ശിഷ്യൻമാരുണ്ടായിരുന്നു. അവരിലൊരാൾ ചെരുപ്പുകുത്തിയായിരുന്നു (രവിദാസ്). മറ്റൊരാൾ അയിത്തജാതിക്കാരനായിരുന്നു (ധർനൻ), വേറൊരാൾ ക്ഷുരകനായിരുന്നു (സേനൻ). മറ്റൊരാൾ താണജാതിയിൽപ്പെട്ട നെയ്ത്തുകാരനായിരുന്നു (കബീർ). വേറൊരാൾ ഇറച്ചിക്കച്ചവടക്കാരനായിരുന്നു (സദനൻ). ഇനിയൊരാൾ തുന്നൽക്കാരനായിരുന്നു (നാമദേവൻ).

ഇങ്ങനെ ഭക്തിപ്രസ്ഥാനത്തിന്റെ നേതാക്കൻമാർ മിക്കവരും ചെറുകിട കച്ചവടക്കാരോ, കൈവേലക്കാരോ മറ്റു ‘താണ’ ജാതിക്കാരോ ആയിരുന്നു. കബീർ ഒരു നെയ്ത്തുകാരനായിരുന്നു. ജനിച്ചത് ബ്രാഹ്മണനായിട്ടാണെങ്കിലും, കുട്ടിക്കാലത്തുതന്നെ സ്വന്തം മാതാപിതാക്കൻമാരെ ഉപേക്ഷിച്ചുപോകാൻ നിർബന്ധനായ തുളസീദാസ് അലഞ്ഞുനടക്കുന്ന ഒരു പാട്ടുകാരന്റെ കീഴിലാണ് വിദ്യാഭ്യാസം കഴിച്ചത്. ദാദു താണജാതിക്കാരനായ ഒരു നൂൽനൂൽപ്പുകാരനായിരുന്നു. നാനാക്ക് ഒരു ചെറുകച്ചവടക്കാരന്റെ മകനായിരുന്നു. മറാത്തി ഭക്തകവി നാമദേവൻ തുന്നൽക്കാരനായിരുന്നു. അദ്ദേഹത്തിന്റെ പിൻഗാമിയായ തുക്കാറാം താണജാതിക്കാരനായ ഒരു പീടികക്കാരനായിരുന്നു. ചൈതന്യൻ ഒരു ദരിദ്രകുടുംബത്തിലെ അംഗമായിരുന്നു. തമിഴ്കവി തിരുവള്ളുവർ പറയനായിരുന്നു. തെലുങ്കുകവി വേമണ്ണ അക്ഷരാഭ്യാസമില്ലാത്ത ഒരു കൃഷിക്കാരനായിരുന്നു. മലയാളകവി തുഞ്ചത്തെഴുത്തച്ഛൻ ഒരു ചക്കാലനായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ, ഭക്തിപ്രസ്ഥാനത്തിന്റെ നേതാക്കൻമാർ എല്ലായിടത്തും താണജാതിക്കാരായ കൈവേലക്കാരോ കച്ചവടക്കാരോ ആയിരുന്നു. ഒരിടത്തും അത് ബ്രാഹ്മണരുടെയോ മറ്റ് ഉയർന്ന ജാതിക്കാരുടെയോ നേതൃത്വത്തിലായിരുന്നില്ല. മറ്റൊരു പ്രധാനമായ സവിശേഷത, ഭക്തിപ്രസ്ഥാനത്തിന്റെ നേതാക്കൻമാരെല്ലാരും തന്നെ സംസ്കൃതത്തിലോ പേർഷ്യനിലോ അല്ല, ജനങ്ങളുടെ ദേശീയ ഭാഷകളിലാണ് തങ്ങളുടെ കൃതികൾ രചിച്ചത് എന്നതാണ്. ചരിത്രത്തിന്റെ ഒരാവശ്യമായിത്തീർന്ന ജനവിഭാഗങ്ങളുടെയും ദേശീയഭാഷകളുടേയും വളർച്ചയ്ക്ക് ഇത് പ്രചോദനം നൽകി.

# 4 മതത്തിന്റെ പിന്നിൽ വർഗ്ഗസമരം

പട്ടണപ്രദേശങ്ങളിലെ കച്ചവടക്കാരുടേയും കൈവേലക്കാരുടേയും പ്രസ്ഥാനമെന്ന നിലയ്ക്കാണ് ഭക്തിപ്രസ്ഥാനം ആരംഭിച്ചത്. ഈ വിഭാഗക്കാരിൽ നിന്നാണല്ലോ പിന്നീട് ബൂർഷ്വാ വർഗ്ഗം വളർന്നുവന്നത്. ഇക്കാര്യത്തിലും ഇന്ത്യയിലെ ഭക്തിപ്രസ്ഥാനം യൂറോപ്പിലെ റിഫർമേഷൻ പ്രസ്ഥാനത്തോട് സാമ്യം വഹിക്കുന്നുണ്ട്. പട്ടണങ്ങളിലെ കൈവേലക്കാരിൽനിന്നും കച്ചവടക്കാരിൽ നിന്നുമാണ് റിഫർമേഷൻ പ്രസ്ഥാനം ആരംഭിച്ചത്. പക്ഷേ, അതിവേഗം അത് കൃഷിക്കാർക്കിടയിലും പടർന്നുപിടിച്ചു. മാർട്ടിൻ ലൂതറുടെയും തോമസ് മൂൻസറുടെയും മതപരിഷ്കരണപ്രക്ഷോഭങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടാണ് ക്രിസ്ത്വബ്ദം 1525-ൽ ജർമ്മനിയിൽ കാർഷിക ലഹള പൊട്ടിപ്പുറപ്പെട്ടതെന്ന് ഏംഗൽസ് തന്റെ ‘ജർമ്മനിയിലെ കർഷകസമരം’ എന്ന ഗ്രന്ഥത്തിൽ വ്യക്തമാക്കുന്നുണ്ട്. ഇന്ത്യയിലെ ഭക്തിപ്രസ്ഥാനവും ക്രമത്തിൽ കർഷക പ്രക്ഷോഭങ്ങളുടെ ആശയസംഹിതയായിത്തീർന്നു. മതപ്രസ്ഥാനങ്ങളുടെ വേഷമണിഞ്ഞുകൊണ്ടാണ് ബ്രാഹ്മണമേധാവിത്വത്തിനും മുസ്ലീം ഭരണാധികാരികൾക്കും വിദേശീയ ചൂഷകൻമാർക്കുമെതിരായ സാമൂഹ്യ-രാഷ്ട്രീയ പ്രക്ഷോഭങ്ങൾ വളർന്നുവന്നത്. ക്രിസ്ത്വബ്ദം 17-ാം നൂറ്റാണ്ടിൽ ഡൽഹിയിൽ ഉയർന്നുവന്ന സിക്കുകാരുടെ ഭക്തിപ്രസ്ഥാനത്തിനും മഥുരയിൽ പൊട്ടിപ്പുറപ്പെട്ട സായുധകർഷക ലഹളകൾക്കും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. പഞ്ചാബിൽ മുസ്ലീങ്ങളായ ഫ്യൂഡൽ മേധാവികൾക്കെതിരായി നടന്ന കർഷക സമരങ്ങളിൽ ഭക്തിപ്രസ്ഥാനത്തിന് സജീവമായ പങ്കുണ്ടായിരുന്നു. ശിവജിയുടെ നേതൃത്വത്തിൽ മഹാരാഷ്ട്രത്തെയാകെ ഇളക്കിമറിച്ച വിമോചനപ്രസ്ഥാനത്തിൽ ഭക്തകവി തുക്കാറാം കുറച്ചൊന്നുമല്ല സ്വാധീനം ചെലുത്തിയത്.

യൂറോപ്പിലെ മതപരിഷ്കരണ പ്രക്ഷോഭങ്ങളെപ്പറ്റി ഏഗംൽസ് എഴുതുകയുണ്ടായി:

> ‘16-ാം നൂറ്റാണ്ടിലെ മതയുദ്ധങ്ങൾ എന്ന് പറയപ്പെടുന്ന യുദ്ധങ്ങളിൽ ഭൗതികമായ വർഗ്ഗീയ താൽപര്യങ്ങളാണ് വ്യക്തമായും പ്രവർത്തിച്ചത്. പിന്നീട് ഇംഗ്ലണ്ടിലും ഫ്രാൻസിലുമുണ്ടായ ഏറ്റുമുട്ടലുകളെപ്പോലെതന്നെ ആ സമരങ്ങളും വർഗ്ഗസമരങ്ങളാണ്. ആ കാലഘട്ടത്തിൽ പ്രത്യക്ഷപ്പെട്ട വർഗ്ഗസമരങ്ങളുടെ മേൽ മതത്തിന്റെ പാടുകളുണ്ട്. വ്യത്യസ്ത വർഗ്ഗങ്ങളുടെ താൽപ്പര്യങ്ങളും അഭിലാഷങ്ങളും ആവശ്യങ്ങളും മതത്തിന്റെ മറശ്ശീലയ്ക്കു പിന്നിൽ ഒളിഞ്ഞു കിടക്കുന്നു. പക്ഷേ, അതുകൊണ്ട് യഥാർത്ഥസ്ഥിതിക്ക് യാതൊരു മാറ്റവും ഉണ്ടാകുന്നില്ല. അന്നത്തെ പരിതഃസ്ഥിതികളാണ് ഈ സ്ഥിതിക്ക് കാരണം.’

ക്രിസ്ത്വബ്ദം 14-ാം നൂറ്റാണ്ടിനും 17-ാം നൂറ്റാണ്ടിനുമിടയിൽ ഇന്ത്യയിലുണ്ടായ മതപ്രക്ഷോഭങ്ങൾക്കും ഇത് ബാധകമാണ്.

# 5 ഭക്തിപ്രസ്ഥാനത്തിന്റെ അടിസ്ഥാനതത്വങ്ങൾ

എല്ലായിടത്തും ഒരുപോലെ തുല്യശക്തിയോടുകൂടിയിട്ടല്ല, അസമമായിട്ടാണ് ഭക്തിപ്രസ്ഥാനം വളർന്നത്. വ്യത്യസ്ത പ്രദേശങ്ങളിൽ അതിനു വ്യത്യസ്ത രൂപങ്ങളുണ്ടായിരുന്നു. എങ്കിലും, എല്ലായിടത്തും, അതിന് നാല് അടിസ്ഥാനതത്വങ്ങളുണ്ടായിരുന്നു. ഒന്ന്, ഹിന്ദുക്കളെന്നോ, മുസ്ലീങ്ങളെന്നോ വ്യത്യാസമില്ലാതെ ഇന്ത്യയിലെ എല്ലാ ജനങ്ങളുടെയും മതപരമായ ഐക്യം. രണ്ട്: ദൈവത്തിന്റെ മുന്നിൽ എല്ലാവർക്കും സമത്വം. മൂന്ന്: ജാതിവ്യവസ്ഥയ്ക്കെതിരായ സമരം. നാല്: മനുഷ്യനും ദൈവവും തമ്മിൽ ജാതിമേന്മയുടെയോ സ്വത്തുക്കളുടെയോ അടിസ്ഥാനത്തിലല്ലാതെ വ്യക്തിപരമായ ഗുണങ്ങളുടെ അടിസ്ഥാനത്തിലുള്ള ബന്ധം. ഓരോ മനുഷ്യാത്മാവും ഓരോ മഹനീയ വസ്തുവാണെന്നും ഉയർന്ന ജാതിക്കാരനാണെന്നു കരുതപ്പെടുന്നവന്റെ ആത്മാവിനെന്നതുപോലെതന്നെ താണജാതിക്കാരനെന്നു പുച്ഛിക്കപ്പെടുന്നവന്റെ ആത്മാവിനു മഹത്വമുണ്ടെന്നും അത് എല്ലായിടത്തും പ്രഖ്യാപിച്ചു.

ഇന്ത്യയിലെ എല്ലാ ജനങ്ങളുടെയും ആത്മീയഐക്യത്തെപ്പറ്റിയുള്ള പ്രഖ്യാപനം ആഭ്യന്തര വ്യാപാരത്തിന്റെ വളർച്ചയെയാണ് പ്രതിഫലിപ്പിച്ചത്. ഹിന്ദുക്കളെയെന്നപോലെതന്നെ മുസ്ലീങ്ങളെയും ചെറിയചെറിയ ഗ്രൂപ്പുകളായി വിഭജിച്ച ജാതിവ്യവസ്ഥയെ എതിർക്കുകയെന്നത് സാമൂഹ്യപുരോഗതിക്ക് ആവശ്യമായിരുന്നു. ദൈവത്തിന്റെ മുന്നിൽ എല്ലാവരും ഒരുപോലെയാണെന്ന വാദം ചൂഷണത്തിനെതിരായ കൃഷിക്കാരുടേയും കൈവേലക്കാരുടെയും സമത്വബോധത്തിന്റെ പ്രഖ്യാപനമായിരുന്നു. ജാതിയുടെ മേന്മയ്ക്കല്ല, വ്യക്തിയുടെ മേന്മയ്ക്കാണ് പ്രാധാന്യം നൽകേണ്ടത് എന്ന വാദമാകട്ടെ, സമുദായത്തിൽ വളരാൻ തുടങ്ങിയിരുന്ന മുതലാളിത്തഘടകങ്ങളുടെ വ്യക്തിസ്വാതന്ത്ര്യവാദത്തിന്റെ ആത്മീയ പ്രതിഫലനമായിരുന്നു.

# 6 സാഹിത്യത്തിന്റെ സാമൂഹ്യപ്രാധാന്യം

രാമാനന്ദന്റെ ശിഷ്യനും ഭക്തിപ്രസ്ഥാനത്തിന്റെ നേതാക്കൻമാരിൽ വച്ച് ഏറ്റവും പ്രതിഭാശാലിയുമായ കബീറിന്റെ ചില പ്രധാന കവിതകൾ ഹിന്ദുക്കളും മുസ്ലീങ്ങളും തമ്മിൽ യാതൊരു വ്യത്യാസവുമില്ലെന്ന് ദൃഢസ്വരത്തിൽ പ്രഖ്യാപിക്കുന്നവയാണ്. ഒരു കവിതയുടെ സാരം ഇതത്രേ:

> ‘സഹോദരാ, പ്രപഞ്ചത്തിന്റെ രണ്ട് യജമാനൻമാർ വന്നത് എവിടെനിന്നാണ്.
>
> അല്ലാഹ്, രാമൻ, കേശവൻ, ഹരി, ഹസ്രത്ത് ഈ പേരുകളെല്ലാം കണ്ടുപിടിച്ചത് ആരാണ്, പറയൂ:
>
> മാധവനും മുഹമ്മദും ഒരാളാണ്, ബ്രഹ്മാവും ആദമും ഒന്നാണ്:
>
> ഹിന്ദുവെന്നാൽ എന്താണ്? തുർക്കിക്കാരനെന്നാൽ എന്താണ്?
>
> രണ്ടുപേരും ഒരേഭൂമിയിൽ വസിക്കുന്നവരാണ്.
>
> ഒരാൾ വേദം വായിക്കുന്നു, മറ്റേയാൾ ഖുറാനും, കുത്ത്ബയും, ഒരാൾ മൗലാനയാണ്, മറ്റേയാൾ പണ്ഡിറ്റും..
>
> ഒരേ മണ്ണുകൊണ്ടുണ്ടാക്കപ്പെട്ട പാത്രങ്ങൾക്ക് വ്യത്യസ്ത നാമങ്ങളുണ്ട്!’

കബീർ പറയുന്നു: രണ്ടുകൂട്ടരും തെറ്റിധരിക്കപ്പെട്ടിരിക്കുന്നു; രണ്ടു കൂട്ടരും ദൈവത്തെ കണ്ടിട്ടില്ല.

ബിംബാരാധന, തീർഥാടനം, അയിത്തം മുതലായ മതാചാരങ്ങളെ കബീർ നിർദ്ദയമായി എതിർക്കുകയുണ്ടായി. ഒരു കവിതയിൽ അദ്ദേഹം പറയുന്നു:

> ‘പവിത്രങ്ങളായ സ്നാനസ്ഥലങ്ങളിൽ വെള്ളമല്ലാതെ മറ്റൊന്നുമില്ല,
>
> എനിക്കറിയാം, അവ ഉപയോഗശൂന്യങ്ങളാണെന്ന്;
>
> ഞാനവയിൽ കുളിച്ചിട്ടുണ്ട്.
>
> ബിംബങ്ങൾ നിർജ്ജീവങ്ങളാണ്, അവയ്ക്ക് മിണ്ടാൻ വയ്യ.
>
> പുരാണങ്ങൾ, കർമ്മം — എല്ലാം വെറും വാക്കുകൾ:
>
> ഞാൻ മറപൊന്തിച്ച് നോക്കിക്കണ്ടിട്ടുണ്ട്.

കബീർ ഉച്ചരിക്കുന്നത് അനുഭവത്തിന്റെ വാക്കുകളാണ്, മറ്റുള്ളതെല്ലാം അയഥാർത്ഥങ്ങളാണെന്ന് അവന് നല്ലതുപോലെ അറിയാം.

ജാതിമേധാവിത്വത്തേയും മതവ്യത്യാസങ്ങളേയും അദ്ദേഹം എതിർക്കുന്നത് നോക്കുക:

> ‘ഒരാൾ ശൂദ്രനായി ജനിക്കുകയും മരണംവരെ ശൂദ്രനായിരിക്കുകയും ചെയ്യുന്നതെന്തുകൊണ്ടാണ്?
>
> ഒരാൾ ബ്രാഹ്മണ്യത്തിന്റെ നൂലുണ്ടാക്കി അത് സ്വയം ധരിക്കുന്നു. ലോകം ആശയക്കുഴപ്പത്തിലാണ്.
>
> നീ ബ്രാഹ്മണസ്ത്രീയിൽ ജനിച്ച ഒരു ബ്രാഹ്മണനാണെങ്കിൽ മറ്റൊരുതരത്തിൽ ജനിക്കാതിരുന്നതെന്തുകൊണ്ട്?
>
> നീ തുർക്കിക്കാരിയിൽ ജനിച്ച തുർക്കിക്കാരനാണെങ്കിൽ അമ്മയുടെ ഗർഭപാത്രത്തിൽ വച്ചുതന്നെ…’
>
> ഒരു വെളുത്തപശുവിനെയും ഒരു കറുത്തപശുവിനെയും കറന്നുകിട്ടിയ പാൽ കൂട്ടിക്കലർത്തിയാൽ രണ്ടും തമ്മിൽ തിരിച്ചറിയാൻ നിനക്കു സാധിക്കുമോ?

ഏതാണ്ടിതേമട്ടിൽ തന്നെയാണ് മറ്റ് ഭക്തികവികളും പാടിയത്. ഉദാഹരണത്തിന് കബീറിന്റെ ശിഷ്യനായ നാനാക്ക് പാടിയത് കേൾക്കുക:

> ‘ഓർമ്മിക്കുക!’
>
> കർമ്മമാണ് ജാതിയെ നിർണയിക്കുന്നത്. സ്വന്തം പ്രവർത്തികളിലൂടെ മനുഷ്യൻ ഉയരുകയോ താഴുകയോ ചെയ്യുന്നു.
>
> പരിശുദ്ധദൈവത്തോട് ഭക്തിയുള്ളവർ ജനനമരണചക്രത്തിൽ നിന്ന് മോചനം നേടുന്നു. ജാതിവ്യത്യാസത്തെപ്പറ്റി വ്യാകുലപ്പെടേണ്ട.
>
> മനസ്സിലാക്കുക!
>
> ദൈവത്തിന്റെ പ്രകാശം എല്ലാവരിലുമുണ്ട്. അവിടെ ജാതിയില്ല!

ഹിന്ദുക്കളുടെ ഇടയിൽ മാത്രമല്ല മുസ്ലീങ്ങൾക്കിടയിലും പരിഷ്കരണസംരംഭങ്ങൾ നടക്കുകയുണ്ടായി. ഒരു ഭാഗത്ത് കാസികൾ, മുല്ലകൾ മുതലായ ആത്മീയവാദികളുണ്ടായിരുന്നു. ഔദ്യോഗിക മുസ്ലീം മതത്തിന്റെ പ്രതിനിധികളായിരുന്നു അവർ. ഫ്യൂഡലിസത്തിന്റെ സ്വാധീനശക്തി നിലനിർത്താനാണ് അവരുടെ സിദ്ധാന്തങ്ങൾ ഉപയോഗിക്കപ്പെട്ടത്. എന്നാൽ മറുഭാഗത്ത് ഇസ്ലാംമതത്തിന്റെ ഔദ്യോഗികരൂപങ്ങളും മുസ്ലീം പുരോഹിതൻമാരുടെ മേധാവിത്വത്തേയും എതിർക്കുന്ന സൂഫികളുമുണ്ടായിരുന്നു. കൃഷിക്കാരുടെ അസംതൃപ്തി വർദ്ധിക്കാൻ തുടങ്ങിയപ്പോഴാണ് സൂഫികളുടെ സിദ്ധാന്തങ്ങൾക്ക് കൂടുതൽ പ്രചാരമുണ്ടായത്. ഭക്തിപ്രസ്ഥാനത്തോട് ഏറെക്കുറെ സാമ്യം വഹിക്കുന്ന ഒരു പ്രസ്ഥാനത്തിന് അവർ പ്രചോദനം നൽകി. ദൈവത്തിൽ ലയിക്കലായിരുന്നു അവരുടെ ലക്ഷ്യം. എന്നാൽ, ഖുറാനും ഹദ്ദീസും പഠിച്ച് ജ്ഞാനം സമ്പാദിച്ചുകൊണ്ടുമാത്രമേ ദൈവത്തെ അറിയാൻ കഴിയൂ എന്ന് ഔദ്യോഗിക മുസ്ലീം മതക്കാർ വാദിച്ചപ്പോൾ, അതിനെതിരായി ഹൃദയത്തിന്റെ നിഷ്കളങ്കതയാണ് ആവശ്യമെന്ന് സൂഫികൾ പ്രഖ്യാപിച്ചു. സഹിഷ്ണുതയുടെ പ്രാധാന്യമൂന്നിക്കൊണ്ട് വ്യത്യസ്തമതങ്ങൾ ദൈവത്തെ അറിയാനുള്ള വ്യത്യസ്തമാർഗ്ഗങ്ങൾ മാത്രമാണെന്ന് അവർ ഊന്നിപ്പറഞ്ഞു. അവരുടെ പ്രധാനപ്പെട്ട നേതാക്കൻമാരിലൊരാളായ അബ്ദുൾ ഫാസൽ ഒരു കവിതയിൽ പറയുന്നു.

> ‘അല്ലയോ ദൈവമേ! ഓരോ അമ്പലത്തിലും നിന്നെ അന്വേഷിക്കുന്ന ജനങ്ങളെ ഞാൻ കാണുന്നു.
>
> ഓരോ ഭാഷയിലും ജനങ്ങൾ നിന്നെ സ്തുതിക്കുന്നത് ഞാൻ കേൾക്കുന്നു.
>
> ഓരോ മതവും പറയുന്നു: ‘നീ ഏകനാണ്, അതുല്യനാണ്.’
>
> മുസ്ലീം പള്ളിയിലാണെങ്കിൽ, ജനങ്ങൾ വിശുദ്ധ പ്രാർത്ഥന പിറുപിറുത്തുച്ചരിക്കുന്നു.
>
> ക്രിസ്ത്യൻ പള്ളിയിലാണെങ്കിൽ, നിന്നെ സ്നേഹിക്കുന്നവർ മണിയടിക്കുന്നു.
>
> ചിലപ്പോൾ ഞാൻ ക്രിസ്ത്യൻപള്ളിയിൽ പോകുന്നു. ചിലപ്പോൾ മുസ്ലീംപള്ളിയിലും.
>
> എന്നാൽ, എല്ലായിടത്തും നിന്നെ മാത്രമാണ് ഞാനന്വേഷിക്കുന്നത്…’

മുസ്ലീങ്ങളുടെ ഇടയിൽ അക്കാലത്ത് കച്ചവടക്കാരും കൈവേലക്കാരും താരതമ്യേന കുറവായിരുന്നു. കൃഷിക്കാർ ധാരാളമുണ്ടായിരുന്നു. അവരുടെ ഇടയിൽ ഉയർന്ന വർഗ്ഗക്കാരുടെ ഔദ്യോഗിക മതത്തിന്റെ സ്വാധീനശക്തിയാണ് കൂടുതലുണ്ടായിരുന്നത്. അതുകൊണ്ട് സൂഫി പ്രസ്ഥാനം ഭക്തിപ്രസ്ഥാനംപോലെ വിപ്ലവകരമായിരുന്നില്ല. എങ്കിലും അത് ഹിന്ദുക്കളേയും മുസ്ലീങ്ങളേയും യോജിപ്പിക്കാനും അവരുടെ ജീവിതരീതികളെ കൂട്ടിയിണക്കാനും വളരെയധികം സഹായിച്ചുവെന്ന കാര്യത്തിൽ സംശയമില്ല.

# 7 ഫ്യൂഡൽ തകർച്ചയുടെ ആത്മീയ പ്രതിഫലനം

ഭൗതികമായ ചുറ്റുപാടുകളിൽ നിന്നകന്നുനിന്നുകൊണ്ട് സാഹിത്യം നിർമ്മിക്കാൻ ആർക്കും സാധ്യമല്ല. ഭക്തിപ്രസ്ഥാനത്തിന്റെ വേദാന്തമയമായ വിചാരണപഥത്തിലും അവരുടെ കാലഘട്ടത്തിന്റെ ആശ്ലേഷം നിഴലിച്ചു കാണാം.

തുളസീദാസരാമായണത്തിന്റെ റഷ്യൻ തർജ്ജമയുടെ മുഖവുരയിൽ എ പി ബാരാണിക്കോവ് തുളസീദാസിന്റെ കാലഘട്ടത്തെ വിവരിച്ചുകൊണ്ട് ഇങ്ങനെ എഴുതുന്നു:

> 'ക്രൂരങ്ങളായ യുദ്ധങ്ങൾ, ജനങ്ങളെ കൊള്ളയടിക്കൽ, ഗ്രാമങ്ങളേയും നഗരങ്ങളേയും നശിപ്പിക്കൽ, ക്ഷാമങ്ങൾ, കടുത്ത മർദ്ദനങ്ങൾ, അതിരുകവിഞ്ഞ മൃഗീയതകൾ മുതലായവയിൻമേലാണ് മുഗൾസാമ്രാജ്യം കെട്ടിപ്പടുക്കപ്പെട്ടത്. ഈ ഭയാനകമായ കാലഘട്ടത്തിലാണ് തുളസീദാസ് തന്റെ കുട്ടിക്കാലവും യൗവ്വനവും കഴിച്ചുകൂട്ടിയത്.'

ഈ ഭൗതികയാഥാർത്ഥ്യങ്ങളാണ് ഭക്തിപ്രസ്ഥാനത്തിന് ജീവൻ നൽകിയത്. ജാതിവ്യവസ്ഥയ്ക്കും അന്ധവിശ്വാസത്തിനുമെതിരായി ശബ്ദമുയർത്തിക്കൊണ്ട്, ബ്രാഹ്മണനായാലും നെയ്ത്തുകാരനായാലും, ഹിന്ദുവായാലും, തുർക്കിക്കാരനായാലും എല്ലാവരും സമൻമാരാണ് എന്നു പ്രഖ്യാപിക്കുക മാത്രമല്ല അത് ചെയ്യുന്നത്. ഫ്യൂഡൽ ബന്ധങ്ങൾ തകരാൻ തുടങ്ങിയ ആ കാലഘട്ടത്തിലെ ഭൗതികജീവിതത്തിന്റെ കഷ്ടപ്പാടുകളേയും ദുരിതങ്ങളേയും കൂടി അത് തികച്ചും പ്രതിഫലിപ്പിക്കുന്നുണ്ട്. തുളസീദാസ് തന്റെ 'കവിതാവലി'യിൽ കഠോരവും ക്രൂരവുമായ സാമൂഹ്യജീവിതത്തിന്റെ കെടുതികളെ ഉള്ളിൽതട്ടുംവിധം വർണ്ണിച്ചിരിക്കുന്നു. 'കാണപ്പെടുന്നവരെയെല്ലാം ദുഃഖിതൻമാരായിട്ടാണ് കാണുന്നത്. സുഖമുള്ള ആരെയും കാണാൻ കഴിയുന്നില്ല' എന്നും മറ്റും കബീർ വിലപിക്കുന്നുണ്ട്. ജീവിതം ദുസ്സഹവും ദുർഭരവുമായിത്തീർന്നിട്ടുണ്ടെന്ന മുറവിളി അക്കാലത്തെ മിക്ക കവികളുടേയും കൃതികളിൽ മുഴങ്ങിക്കേൾക്കാം. പക്ഷേ, ഭൗതികജീവിതത്തിൽ നിരാശരായവരോട് പരലോകത്തേക്ക് നോക്കാനാണവർ ഉപദേശിക്കുന്നത്. ഭൗതികമായ എല്ലാ കഷ്ടപ്പാടുകൾക്കും ഒരുപശാന്തി മാത്രമേയുള്ളൂ. ബ്രഹ്മം അല്ലെങ്കിൽ രാമനാമം! ഭക്തിപ്രസ്ഥാനത്തിന്റെ നേതാക്കൻമാരിൽ വച്ച് ഏറ്റവും വിപ്ലവകാരിയായ കബീറിനെപ്പോലും, അന്തർമുഖത്വവും ബ്രഹ്മവും ചിലപ്പോൾ പിടികൂടുന്നുണ്ട്. പക്ഷേ ഒന്നുണ്ട്: കബീറിന്റെ ബ്രഹ്മം ജാതിഭേദങ്ങളും ഉച്ചനീചത്വങ്ങളും ഹിന്ദുമുസ്ലീം വ്യത്യാസങ്ങളും ഒന്നും ഇല്ലാത്ത ബ്രഹ്മമാണ്.

ഈ ദൗർബല്യം അവരുടെ കാലഘട്ടത്തിന്റെ പരിമിതിയെയാണ് കുറിക്കുന്നത്. ലൗകികജീവിതത്തിലെ സംഘട്ടനങ്ങളിലൂടെ ജനങ്ങളെ മുന്നോട്ട് നയിക്കാൻ കെൽപ്പുള്ള വിപ്ലവകാരിയായ ഒരു വർഗ്ഗത്തിന്റെ അഭാവമാണ് ഇവിടെ നമ്മൾ കാണുന്നത്. ലോകചരിത്രത്തിൽ സ്വന്തം കാലിൻമേൽ നിൽക്കാൻ കെൽപ്പുള്ള ഒരു തൊഴിലാളിവർഗ്ഗവും തൊഴിലാളിവർഗ്ഗത്തിന്റെ സ്വതന്ത്രമായ ഒരു വീക്ഷണഗതിയും ആവിർഭവിക്കുന്നതിന്റെ നാലോ അഞ്ചോ നൂറ്റാണ്ടുകൾക്കു മുമ്പാണ് ഭക്തിപ്രസ്ഥാനത്തിന്റെ നേതാക്കൻമാർ ജീവിച്ചിരുന്നത് എന്നുകൂടി നമ്മളോർക്കേണ്ടതുണ്ട്.

## 8 സായുധലഹളകൾക്ക് പ്രചോദനം നൽകിയ ആത്മീയ പ്രസ്ഥാനം

ഇത്തരം പരിമിതികളുണ്ടെങ്കിലും ദൗർബല്യങ്ങളുമുൾക്കൊണ്ടിരുന്നുവെങ്കിലും ക്രിസ്ത്വബ്ദം പതിനേഴും, പതിനെട്ടും നൂറ്റാണ്ടുകളിൽ നടന്ന ചില വമ്പിച്ച രാഷ്ട്രീയ സമരങ്ങൾക്ക് ഭക്തിപ്രസ്ഥാനം പ്രചോദനം നൽകുകയുണ്ടായി. മുഗൾ ഭരണത്തിനെതിരായി മഹാരാഷ്ട്രത്തിലും പഞ്ചാബിലും നടന്ന സമരങ്ങൾ ഇതിനുദാഹരണമാണ്.

ക്രിസ്ത്വബ്ദം പതിനേഴാം നൂറ്റാണ്ടിന്റെ മധ്യത്തിലാണ് മഹാരാഷ്ട്രക്കാർ മുസ്ലീം ഭരണാധികാരത്തിനെതിരായ സമരമാരംഭിച്ചത്. ശിവജി (ക്രിസ്ത്വബ്ദം (1627-1680) യാണ് അതിന് നേതൃത്വം നൽകിയത്. ഭക്തിപ്രസ്ഥാനത്തിന്റെ നേതാക്കളായ തുക്കാറാം, രാമദാസ് എന്നീ മഹാരാഷ്ട്ര കവികളുടെ ഉപദേശങ്ങൾ അദ്ദേഹത്തിൽ വലിയ സ്വാധീനം ചെലുത്തുകയുണ്ടായി. രാജ്യത്തെയാകെ യോജിപ്പിക്കുകയും സാധാരണക്കാരായ ബഹുജനങ്ങളെ സമരത്തിൽ പങ്കെടുപ്പിക്കുകയും ചെയ്യാതെ മുഗളൻമാരെ പരാജയപ്പെടുത്താൻ കഴിയില്ലെന്ന് അദ്ദേഹം മനസ്സിലാക്കി. അദ്ദേഹത്തിന്റെ ധീരതയെപ്പോലെ തന്നെ സംഘടനാസാമർത്ഥ്യവും അനിതരസാധാരണമായിരുന്നു. ഓറഞ്ചുനിറത്തിൽ ത്രികോണാകൃതിയിലുള്ളതും കാളിയുടെ ചിത്രത്തോടുകൂടിയതുമായ അദ്ദേഹത്തിന്റെ സമരപതാകയുടെ കീഴിൽ ചെറുകിടക്കാരായ ഒട്ടനവധി നാടുവാഴികൾ അണിനിരന്നു. എന്നാൽ സമരത്തിൽ ഏറ്റവും സജീവമായ പങ്ക് വഹിച്ചത് കൃഷിക്കാരാണ്. തങ്ങളുടെ പ്രതിഭാശാലിയായ പടനായകന്റെ കീഴിൽ ഒരുതരം ഗറില്ലായുദ്ധമാണവർ നടത്തിയത്. മുഗൾപട്ടാളങ്ങളുടെ മേൽ അപ്രതീക്ഷിതമാംവിധം പെട്ടെന്നവ ചാടിവീണ് ഓർക്കാപ്പുറത്ത് ആക്രമണങ്ങൾ നടത്തും. ശത്രുസൈന്യങ്ങൾക്ക് കഴിയുന്നിടത്തോളം നാശനഷ്ടങ്ങൾ വരുത്തിക്കൊണ്ട് പശ്ചിമഘട്ടത്തിലെ തിങ്ങിനിറഞ്ഞ വനാന്തർഭാഗങ്ങളിലേക്ക് അവർ പിൻമാറും. വീണ്ടും ആക്രമണങ്ങൾ സംഘടിപ്പിക്കും. ഇങ്ങനെ ക്രിസ്ത്വബ്ദം 1674 ആയപ്പോഴേക്കും മഹാരാഷ്ട്രപ്രദേശങ്ങളുടെ ഭൂരിഭാഗവും മുഗൾഭരണാധികാരികളിൽനിന്ന് മോചിപ്പിച്ചെടുക്കാനും ഒരു സ്വതന്ത്രമഹാരാഷ്ട്രത്തിന്റെ ഭരണാധികാരിയായി സിംഹാസനാരോഹണം നടത്തുവാനും ശിവജിക്കു സാധിച്ചു.

സിക്കുകാരുടെ ഒന്നാമത്തെ ഗുരുവായി കരുതപ്പെടുന്ന നാനാക്ക് (ക്രിസ്ത്വബ്ദം 1460-1539) വെറുമൊരു ആത്മീയ ഗുരുവായിരുന്നില്ല. ക്രിസ്ത്വബ്ദം പതിനാറാം നൂറ്റാണ്ടിൽ മുഗൾഭരണത്തിനെതിരായി പഞ്ചാബിൽ പരന്നുപിടിച്ച കച്ചവടക്കാരുടെയും കൈവേലക്കാരുടെയും ദരിദ്രകൃഷിക്കാരുടെയും വിമോചനപ്രക്ഷോഭങ്ങൾക്ക് അദ്ദേഹമാണ് നേതൃത്വം നൽകിയത്. ജാതിവ്യവസ്ഥയെ എതിർക്കുകയും ദൈവത്തിന്റെ മുമ്പിൽ എല്ലാ മനുഷ്യരും സമൻമാരാണെന്ന് വാദിക്കുകയും ചെയ്തുകൊണ്ട് മുഗൾമേധാവിത്വത്തെ തട്ടിത്തകർക്കാൻ അദ്ദേഹം ജനങ്ങളോടാഹ്വാനം ചെയ്തു. 17-ാം നൂറ്റാണ്ടിൽ വർഗ്ഗസമരങ്ങൾ മൂർച്ഛിച്ചുകൊണ്ടിരുന്ന ഒരു പരിതഃസ്ഥിതിയിൽ, സിക്കുപ്രസ്ഥാനം മുഗൾഭരണത്തിനെതിരായ സായുധകലാപങ്ങളുടെ രൂപം കൈക്കൊണ്ടു.

മഹാരാഷ്ട്രക്കാരുടെ സമരങ്ങളെന്നപോലെതന്നെ സിക്കുകാരുടെ സമരങ്ങളും ഫ്യൂഡലിസത്തിന്റെ തകർച്ചയേയും മുഗൾസാമ്രാജ്യത്തിന്റെ നാശത്തേയും ത്വരിതപ്പെടുത്തി.

# 9 ഇന്ത്യാ ചരിത്രത്തിലെ ഒരു സവിശേഷ പ്രസ്ഥാനം

സാഹിത്യത്തിലെ ഭക്തിപ്രസ്ഥാനം ക്രിസ്ത്വബ്ദം 14-ാം നൂറ്റാണ്ടിനും 17-ാം നൂറ്റാണ്ടിനുമിടയിൽ മാത്രമുണ്ടായ ഒരു സവിശേഷപ്രസ്ഥാനമല്ലെന്നും ഭാരതീയ സാഹിത്യങ്ങളിൽ ആരംഭം മുതൽക്കേ ഭക്തിരസമാണ് സ്ഥായിയായി നിലനിന്നുപോന്നിട്ടുള്ളതെന്നും ചിലർ വിശ്വസിക്കുന്നുണ്ട്. ഇതുശരിയല്ല, 14-ാം നൂറ്റാണ്ടിനു മുമ്പുണ്ടായിരുന്ന സാഹിത്യങ്ങളിൽ ഭക്തിരസമല്ല വീരരസമാണ് മുഴച്ചുനിൽക്കുന്നത്. ഹിന്ദിസാഹിത്യത്തിൽ തുളസീദാസിനു മുമ്പ് വീരരസപ്രധാനമായ ഒരു കാലഘട്ടമാണുണ്ടായിരുന്നത് എന്ന് ഹിന്ദി സാഹിത്യ ചരിത്രകാരൻമാർ ചൂണ്ടിക്കാണിക്കുന്നുണ്ട്. തുഞ്ചത്തെഴുത്തച്ഛന്റെ രാമായണവും വാൽമീകി രാമായണവും തമ്മിലുള്ള വ്യത്യാസമൊന്നു പരിശോധിച്ചുനോക്കൂ. വാത്മീകിയുടെ രാമൻ ദൈവമല്ല, ധീരനും സത്യസന്ധനുമായ ഒരു രാജകുമാരൻ മാത്രമാണ്. നേരെ മറിച്ച് എഴുത്തച്ഛന്റെ രാമനോ, ‘ശ്രീരാമദേവൻ മനുഷ്യനല്ലോർക്കെടോ നാരായണൻ പരമാത്മാ ജഗന്മയൻ!’ മറ്റു ദേശീയസാഹിത്യകൃതികളുടെ സ്ഥിതിയും വ്യത്യസ്തമല്ല. വീരപുരുഷാപദാനങ്ങൾക്കുപകരം, ഭക്തിരസപ്രധാനങ്ങളായ സാഹിത്യകൃതികൾ രചിക്കപ്പെടാൻ തുടങ്ങിയത് ഫ്യൂഡലിസത്തിന്റെ തകർച്ചയുടുത്ത കാലഘട്ടത്തിൽ മാത്രമാണ്. ആ കാലഘട്ടത്തിലാണ് ഭക്തിക്ക് അതിനു മുമ്പുണ്ടായിട്ടില്ലാത്ത പുതിയൊരർത്ഥവും സാമൂഹ്യപ്രാധാന്യവും ലഭിച്ചത്. അപ്പോൾ ഭക്തിപ്രസ്ഥാനം ഒരു സവിശേഷകാലഘട്ടത്തിന്റെ പ്രസ്ഥാനമാണ്. ഫ്യൂഡലിസത്തിന്റെ കൊള്ളരുതായ്മകൾകൊണ്ട് താറുമാറായ സാമൂഹ്യജീവിതത്തേയും പുതിയൊരു ജീവിതത്തിനുവേണ്ടിയുള്ള ജനങ്ങളുടെ അഭിലാഷങ്ങളേയും പ്രതിഫലിപ്പിച്ചുകൊണ്ടു ദേശീയ ജനവിഭാഗങ്ങളുടെ നവോത്ഥാനത്തിനു പ്രചോദനം നൽകുകയും ഫ്യൂഡൽ മേധാവിത്വത്തിന്റെ തകർച്ചയെ ത്വരിതപ്പെടുത്തുകയും ചെയ്തു ഒരു പ്രസ്ഥാനമാണിത്. □

## കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904– ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. 'പാട്ടബാക്കി' എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്റു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്‍ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 4

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. മണ്ണിനടിയിലെ അത്ഭുതങ്ങൾ
2. ആര്യന്മാരുടെ വിജയം
3. പ്രാചീനേന്ത്യയുടെ സാമൂഹ്യ-രാഷ്ട്രീയ പരിവർത്തനങ്ങൾ
4. തത്വചിന്തയുടെ ആരംഭം
5. ആസ്തികരും നാസ്തികരും
6. ലോകായതദർശനം
7. സാംഖ്യദർശനം
8. യോഗദർശനം
9. വൈശേഷികദർശനം
10. ന്യായദർശനം
11. മീമാംസ
12. ജൈന-ബുദ്ധമതങ്ങളുടെ പശ്ചാത്തലം
13. ജൈനദർശനം
14. ബൗദ്ധദർശനം
15. ബൗദ്ധദർശനത്തിന്റെ വളർച്ചയും അധഃപതനവും
16. പ്രാചീനേന്ത്യയിലെ സാഹിത്യവും കലയും ശാസ്ത്രവും
17. ഇന്ത്യയിലെ ഫ്യൂഡലിസം
18. ഹിന്ദുമതം
19. ശങ്കരാചാര്യരുടെ അദ്വൈതവാദം
20. വിശിഷ്ടാദ്വൈതവും ദ്വൈതവും
21. ഫ്യൂഡൽ വ്യവസ്ഥയിൽ പുതിയ സാമൂഹ്യശക്തികൾ
22. ഭക്തിപ്രസ്ഥാനം
23. ബ്രിട്ടീഷ് ഭരണം
24. ആയിരത്തെണ്ണൂറ്റി അമ്പത്തിയേഴ്
25. ദേശീയ നവോത്ഥാനത്തിന്റെ മതപരിഷ്കരണ പ്രസ്ഥാനങ്ങൾ
26. സ്വാമി വിവേകാനന്ദൻ
27. ശ്രീ നാരായണ ഗുരു
28. ദേശീയപ്രസ്ഥാനത്തിന്റെ മുന്നേറ്റം
29. ലോകമാന്യതിലകനും അരവിന്ദഘോഷും
30. രവീന്ദ്രനാഥ ടാഗോർ
31. മഹാത്മാഗാന്ധി
32. ദാർശനികരംഗത്തെ വൈരുദ്ധ്യങ്ങൾ
33. പുതിയൊരു തത്വശാസ്ത്രത്തിലേക്ക്


### വെബ് പതിപ്പു കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10